"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

സർക്കുലർ നം.02/2024/ധന തിരുവനന്തപുരം, തീയതി.10/01/2024

## സർക്കുലർ

വിഷയം:- ധനകാര്യ വകുപ്പ് - സർക്കാർ വാഹനങ്ങളുടെ ഇൻഷുറൻസ് - സംബന്ധിച്ച്.

സൂചന:- 1. 18/04/2000 തീയതിയിലെ സ.ഉ(പി) നം.819/2000/ധന.

2. 07/08/2021 തീയതിയിലെ സർക്കുലർ നം. ബി2/278/2019-ഗതാഗത വകുപ്പ്.

സൂചന (1) ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വാഹനങ്ങളുടേയും തേർഡ് പാർട്ടി ഇൻഷുറൻസ് പോളിസി കേരളാ സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പ് മുഖേന എടുക്കണമെന്നും ആയതിന്റെ ചെലവ് "ഓഫീസ് ചെലവുകൾ " എന്ന ശീർഷകത്തിൽ നിന്നും വഹിക്കണമെന്നും ഉത്തരവായിട്ടുണ്ട്. സർക്കാർ വാഹനങ്ങൾക്ക് പുതുതായി പോളിസി എടുക്കുമ്പോഴോ നിലവിലുള്ളവ പുതുക്കുമ്പോഴോ എല്ലാ തരത്തിലുള്ള ഇൻഷുറൻസ് പരിരക്ഷയും ഉറപ്പാക്കുന്ന Comprehensive Insurance Policy അല്ലെങ്കിൽ Act only policy with legal liability coverage ഇവയിൽ ഏതെങ്കിലും ഒരെണ്ണം നിർബന്ധമായും എടുക്കണമെന്ന് സൂചന (2) പ്രകാരവും ഉത്തരവായിട്ടുണ്ട്. എന്നാൽ പല വകുപ്പുകളും മറ്റ് ഇൻഷുറൻസ് കമ്പനികൾ മുഖേന പോളിസി എടുക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽസാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡ്, കോർപ്പറേഷനുകൾ/ സ്വയംഭരണ സ്ഥാപനങ്ങൾ/കോ-ഓപ്പറേറ്റീവ് സൊസൈറ്റി/ഗ്രാൻഡ് ഇൻ എയിഡ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും തങ്ങളുടെ വാഹനങ്ങൾക്കുള്ള എല്ലാവിധ ഇൻഷുറൻസ് പോളിസികളും കേരളാ സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പ് മുഖേന എടുക്കണമെന്നും ആയതിന്റെ ചെലവ് "ഓഫീസ് ചെലവുകൾ " എന്ന ശീർഷകത്തിൽ നിന്നും വഹിക്കണമെന്നുമുള്ള കർശന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

**ഡി.കൃഷ്ണപ്രിയ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്)

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും

എല്ലാ ജില്ലാ കളക്ടർമാർ /വകുപ്പ് മേധാവികൾക്കും

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ